നേര്യമംഗലം പദ്ധതിയുടെ നവീകരണജോലി ഏൽപ്പിച്ചിരിക്കുന്നത് എ. ഡി. ബി. (ഏഷ്യൻ ഡ്രൗൺ ബോവറി) എന്ന സ്വിസ് കമ്പനിയെയാണ്. ഈ കമ്പനി സാർത്റ്റോം എന്ന കമ്പനിയുമായി സംയോജിച്ചതായി അറിയുന്നു.

(ഇ) ശബരിഗിരി നവീകരണ പദ്ധതിയുടെ കരാർ തുക 94.04 കോടി രൂപയാണ്.

നേര്യമംഗലം നവീകരണ പദ്ധതിയുടെ കരാർ തുക 10,032,000 സ്വിസ് ഫ്രാങ്ക് ആണ്. (നിലവിലുള്ള വിനിമയ നിയമമനുസരിച്ച് 30.6 കോടി രൂപ).

ജലക്ഷാമത്തിന് സ്ഥായിയായ പരിഹാരം

25(*206) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ പല ഭാഗത്തും രൂക്ഷമായിക്കൊണ്ടിരിക്കുന്ന ജലക്ഷാമത്തിന് സ്ഥായിയായ പരിഹാരം കാണുന്നതിന് എന്തെങ്കിലും പദ്ധതി ജലസേചനവകുപ്പ് ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) പ്രസ്തുത ആവശ്യത്തിനായി ഈ സാമ്പത്തിക വർഷം എന്തൊക്കെ പ്രവർത്തനങ്ങൾ, എവിടെയൊക്കെ നടത്താൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) കേരള വാട്ടർ അതോറിറ്റി, കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസി, സെക്ടർ റിഫോംസ് പ്രോജക്ട്, ജലസേചന വകുപ്പ്, ഭൂജലവകുപ്പ് എന്നീ വകുപ്പുകളുടെ കീഴിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വിവിധ പദ്ധതികൾ പൂർത്തീകരിക്കുന്നതോടെ സംസ്ഥാനത്തെ കുടിവെള്ള ക്ഷാമം വലിയൊരളവുവരെ പരിഹരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. കേരള വാട്ടർ അതോറിറ്റി ഇതിനായി നടത്തിവരുന്ന 224 ശുദ്ധജല വിതരണ പദ്ധതികളിൽ 15 പദ്ധതികൾ 2002-2003-ൽ പൂർത്തീകരിച്ചു.

2002-2003-ൽ ഭരണാനുമതി നൽകിയ കേന്ദ്ര ഗവൺമെന്റ് ധനസഹായത്തോടെയുള്ള 134 ചെറുകിട ശുദ്ധജലവിതരണ പദ്ധതികളും എൻ. സി/പി. സി. വാർഡുകളിലേയ്ക്ക് കുടിവെള്ള വിതരണത്തിനായി 440 പദ്ധതികളും, പി. എം. ജി. വൈ. പദ്ധതിയുടെ കീഴിൽ 301 പദ്ധതികളും പുതിയ 4 ത്വരിത ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികളും 'വർഷ' പദ്ധതിയിൽ ഉൾപ്പെടുത്തി 30 പഞ്ചായത്തുകളിൽ 623 യൂണിറ്റുകളും 11-ാം ധനകാര്യ കമ്മീഷൻ അവാർഡുപയോഗിച്ചുള്ള പദ്ധതിയുടെ കീഴിൽ പരമ്പരാഗത ജലസ്രോതസ്സുകളുടെ വിപുലീകരണത്തിനായി 40 പദ്ധതികളും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

2002-2003-ൽ എൽ. ഐ. സി. ധനസഹായത്തിന് അനുമതി ലഭിച്ച 27 പുതിയ ശുദ്ധജല വിതരണ പദ്ധതികൾ (8 നഗര ശുദ്ധജലവിതരണ പദ്ധതികളും 19 ഗ്രാമീണ ശുദ്ധ ജലവിതരണ പദ്ധതികളും) ഈ സാമ്പത്തിക വർഷം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ആലപ്പുഴ പട്ടണത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് ഹഡ്കോ സഹായത്തോടെയുള്ള പദ്ധതിയുടെ പണികൾ ഈ സാമ്പത്തിക വർഷം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നബാർഡ് സഹായത്തോടെ 8 പദ്ധതികൾ നടപ്പാക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് താഴെപ്പറയുന്ന 5 ബൃഹത്തായ ശുദ്ധ ജലവിതരണ പദ്ധതികൾ നടപ്പിലാക്കുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

1. തിരുവനന്തപുരം നഗരത്തിനും പ്രാന്തപ്രദേശങ്ങൾക്കുമുള്ള വാട്ടർ സപ്ലൈ ഇംപ്രൂവ്മെന്റ് പദ്ധതി.
2. മിനാട്ടിനും സമീപ ഗ്രാമങ്ങൾക്കുമുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി.
3. ചേർത്തലയ്ക്കും സമീപ ഗ്രാമങ്ങൾക്കുമുള്ള സമഗ്രശുദ്ധജല വിതരണ പദ്ധതി.
4. കോഴിക്കോട് നഗരത്തിനും പ്രാന്ത പ്രദേശങ്ങൾക്കുമുള്ള വാട്ടർ സപ്ലൈ ഇംപ്രൂവ്മെന്റ് പദ്ധതി.
5. പട്ടുവത്തിനും സമീപ ഗ്രാമങ്ങൾക്കുമുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതികൾ (കണ്ണൂർ ജില്ല).

ഇതു കൂടാതെ കേന്ദ്ര സർക്കാരിന്റെ പദ്ധതിയായ രാജീവ് ഗാന്ധി കുടിനീർ മിഷന്റെ ധനസഹായത്തോടെ സെക്ടർ റിഫോംസ് പ്രോജക്ട് കൊല്ലം ജില്ലയിലെ 26 ഗ്രാമപഞ്ചായത്തുകളിലായി 310 ചെറുകിട കുടിവെള്ള പദ്ധതികളും കാസർഗോഡ് ജില്ലയിൽ 29 പഞ്ചായത്തുകളിലായി 400 ചെറുകിട ശുദ്ധജല വിതരണ പദ്ധതികളും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. കാസർഗോഡ് ജില്ലയിൽ 50 സ്കൂളുകളിലും ഈ പദ്ധതിയിൻകീഴിൽ കുടിവെള്ള വിതരണ സംവിധാനം ഏർപ്പെടുത്തുന്നുണ്ട്.

കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ ഗ്രാമീണമേഖലയിൽ സ്വജൽധാരാ പദ്ധതി ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാക്കാൻ ആരംഭിച്ചിട്ടുണ്ട്. ജലസേചന വകുപ്പിന്റെ കീഴിൽ പുതിയ ചെറുകിട ജലസേചന പദ്ധതികളും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ചെക്ക്ഡാമുകൾ, വെൻഡ് ക്രോസ്ബാറുകൾ വിയറുകൾ എന്നിവ സംസ്ഥാനത്തെ വിവിധ ജില്ലകളിലായി നിർമ്മിക്കാൻ പദ്ധതികൾ ആവിഷ്ക്കരിച്ചു വരുന്നു.

ജലനിധി പദ്ധതിയുടെ കീഴിൽ കെ. ആർ. ഡബ്ലിയു. എസ്. എസ്. എ. നടപ്പിലാക്കുന്ന ശുദ്ധജല പദ്ധതികൾ, (ജലനിധി പദ്ധതി) തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിലെ ഗ്രാമങ്ങളിൽ സ്ഥായിയായ പരിഹാരം ലക്ഷ്യമിട്ടുകൊണ്ടുള്ളതാണ്.

(ബി) 2003-2004-ലെ സാമ്പത്തിക വർഷം സംസ്ഥാന ബഡ്ജറ്റിൽ 11,903 ലക്ഷം രൂപയുടെ പദ്ധതികളാണ് ജലഅതോറിറ്റി ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ജലനിധി പദ്ധതിയുടെ രണ്ട് മൂന്ന് ബാച്ചുകളിലെ പ്രവർത്തനങ്ങളാണ് ഈ സാമ്പത്തിക വർഷം നടക്കുന്നത്. രണ്ട് മൂന്ന് ബാച്ചുകളിൽ ഉൾപ്പെട്ട പഞ്ചായത്തുകളുടെ വിശദവിവരം അനുബന്ധം ആയി കൊടുത്തിട്ടുണ്ട്.†

കുടിവെള്ളത്തിൽ മലിനജലം കലരുന്ന നടപടി

26(*207) ശ്രീ. പി. ജയരാജൻ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. എം. വി. ഗോവിന്ദർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിൽ മലിന ജലം കലരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ശരിയായ നിലയിൽ ശുചീകരണം നടത്താതെ കുടിവെള്ളം പൈപ്പുകളിലൂടെ വീടുകളിലേയ്ക്ക് വിതരണം ചെയ്യുന്നതുമൂലം മലിനജലം ഉപയോഗിക്കാൻ ജനങ്ങൾ നിർബന്ധിതരാകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ബാക്ടീരിയയുടെ സാന്നിദ്ധ്യമില്ലാത്ത വെള്ളം വിതരണം ചെയ്യുന്നു എന്ന് ഉറപ്പു വരുത്താൻ എന്തെല്ലാം നടപടികളാണ് വാട്ടർ അതോറിറ്റി സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) വീടുകളിലേയ്ക്ക് നൽകുന്ന ശുദ്ധജലത്തെക്കുറിച്ച് ജനങ്ങൾക്കിടയിലുണ്ടായിരിക്കുന്ന ആശങ്ക ഇല്ലാതാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) ഇല്ല. കേരള വാട്ടർ അതോറിറ്റി വിതരണത്തിനു തയ്യാറാക്കുന്ന ജലത്തിന്റെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പു വരുത്തിയശേഷം മാത്രമേ വിതരണം ചെയ്യാറുള്ളു. വിതരണ കുഴലുകളിലെ പൊട്ടലുകൾ കാരണം മലിനജലം കലരാൻ സാദ്ധ്യതയുണ്ട്. ഇത് ഒഴിവാക്കുവാൻ ടാപ്പുകളിൽ കൂടി നൽകുന്ന ജലം പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്.

(ബി) വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളം ലോകാരോഗ്യസംഘടന നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കു വിധേയമായി ശുദ്ധീകരണം നടത്തി ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തിയശേഷം മാത്രമേ വിതരണം ചെയ്യാറുള്ളു.

(സി) വിവിധ രീതിയിലുള്ള ശുദ്ധീകരണ പ്രക്രിയയിലൂടെ ശുദ്ധീകരിച്ചെടുത്ത വെള്ളം പരിശോധിച്ച് അതിലുണ്ടായിരിക്കുന്ന അണുക്കളുടെ അളവ് തിട്ടപ്പെടുത്തും. അതിനുശേഷം ക്ലോറിൻവാതകമോ

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II

[24-6-2003-ലെ നക്ഷത്രചിഹ്നമിട്ട 25(*206)-ന്റെ ഉത്തരം ദയവായി കാണുക]

ജില്ല	ബാച്ച്-രണ്ട്	ബാച്ച്-മൂന്ന്
(1)	(2)	(3)
കോഴിക്കോട്	1 കൂടരഞ്ഞി	1 തിരുവമ്പാടി
	2 കൂത്താളി	2 നരിക്കുഴി
	3 പുതുപ്പാടി	3 ചക്രോത്ത്
	4 മരുതോംകര	4 കയക്കോടി
	5 തുണേരി	5 കൂരച്ചുണ്ട്
	6 മടവൂർ	6 ഓമശ്ശേരി
		7 നൊച്ചാട്
		8 ചെങ്കോട്ട്കാവ്
		9 കടലുണ്ടി
		10 ഫറൂക്ക്
മലപ്പുറം	7 മംഗലം	11 വെളിയാൻകോട്
	8 തേഞ്ഞിപ്പാലം	12 ആലിപ്പറമ്പ്
	9 പെരുവള്ളൂർ	13 കീഴുപറമ്പ്
	10 ഇടയൂർ	14 പോത്തുകൽ
	11 വെട്ടം	15 പുലാപ്പറ്റ
	12 മൊറയൂർ	16 തന്നാമ്പ്ര
	13 താഴേക്കോട്	17 പുളിക്കൽ

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)		(3)	
	14	വഴിക്കടവ്	18	തനലൂർ
			19	ചുങ്കത്തറ
			20	താനൂർ
പാലക്കാട്	15	അഗളി	21	പുടൂർ
	16	അയിലൂർ	22	കോട്ടുപാടം
	17	ചളവറ	23	പട്ടാഞ്ചേരി
	18	പുടൂർ	24	തച്ചനാട്ടുകര
	19	ഷോളയൂർ	25	കാവശ്ശേരി
	20	മുതലമട (TDP)	26	നെന്മാറ
			27	മുതലമട
തൃശ്ശൂർ	21	പരിയാരം	28	പാഞ്ഞാൾ
	22	ചേലക്കര	29	പാണഞ്ചേരി
	23	പഴയന്നൂർ	30	തെക്കുംകര
	24	മുള്ളൂർക്കര	31	അതിരപ്പള്ളി
	25	കാടങ്ങോട്		

LIBRARY ARCHIVES Kerala Legislative Assembly